# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *186 – 12/02/2020- ലെ മറുപടിക്ക്

## കേന്ദ്രവായ്പയും ഗ്രാന്റും വെട്ടിക്കുറച്ച നടപടി

ചോദ്യം

ശ്രീ. കെ. ബാബു
ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ. വി. കെ. സി. മമ്മത് കോയ
ശ്രീ. ഡി.കെ. മുരളി

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | പദ്ധതികളിൽ വിഹിതം കുറച്ച് സംസ്ഥാനത്തിന്റെ ചെലവുകൾ വർദ്ധിപ്പിക്കുകയും അതേസമയം തന്നെ വരുമാനം കുറയ്ക്കുകയും ചെയ്യുന്ന കേന്ദ്ര സർക്കാർ നടപടികൾ സൃഷ്ടിച്ചിട്ടുള്ള പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങൾ പരിഗണിക്കണമെന്ന് കാണിച്ച് കേന്ദ്രസർക്കാരിന് നിവേദനം നൽകിയിരുന്നോ; അതിൽ ഏതെല്ലാം പദ്ധതികൾ കേന്ദ്രബജറ്റിൽ ഉൾപ്പെട്ടിട്ടുണ്ട്; | 2020-21 ലെ കേന്ദ്ര ബജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാരിന്റെ ചുവടെ ചേർക്കുന്ന ആവശ്യങ്ങൾ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് കേന്ദ്ര ധനകാര്യ മന്ത്രിക്ക് കത്ത് നൽകിയിരുന്നു.<br><br>1. കേരളത്തെ ബാധിച്ച പ്രളയത്തിന്റെ അടിസ്ഥാനത്തിലും GST കൗൺസിൽ പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സംസ്ഥാനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമെന്നു നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലും GST യ്ക്കു മേൽ സ്പെഷ്യൽ സെസ്സ് ഏർപ്പെടുത്താൻ അനുവദിക്കുക.<br>2. Multilateral Agency കളിൽ നിന്നും എടുക്കുന്ന ലോണുകൾ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക.<br>3. സംസ്ഥാന സർക്കാർ റബ്ബർ കർഷകർക്ക് സബ്സിഡി നൽകി വരുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ നിലവിലെ താങ്ങുവിലയായ കിലോയ്ക്ക് |

| | | | |
|---|---|---|---|
| | | | 150 രൂപ കേന്ദ്ര സഹായമായി 50 രൂപയോടു കൂടി 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക കേന്ദ്ര ബജറ്റിൽ അനുവദിക്കുക.<br>4. കണ്ണൂർ ജില്ലയിൽ ഒരു ആയുർവേദ അന്താരാഷ്ട്ര റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനായി തുക അനുവദിക്കുക.<br>5. 56,442 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന തിരുവനന്തപുരം മുതൽ കാസറഗോഡ് വരെയുള്ള 531 കി.മീ ദൂരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന അതിവേഗ റെയിൽവേ പാതയുമായി ബന്ധപ്പെട്ട് World Bank, ADB, JICA എന്നിവയിലേതെങ്കിലുമൊന്നിൽ നിന്നും ധനസമാഹരണം നടത്തുന്നതിനായി സംസ്ഥാനത്തിന് അനുമതി നൽകുക.<br>6. കോഴിക്കോട് സംസ്ഥാന സർക്കാർ കണ്ടെത്തിയിട്ടുള്ള 200 ഏക്കർ സ്ഥലത്ത് AIIMS നു തുല്യമായൊരു മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി ധനസഹായം അനുവദിക്കുക.<br>7. മലബാർ മേഖലയിലെ നിർദ്ധന കാൻസർ രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്ന തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിനെ കേന്ദ്ര സർക്കാരിന്റെ Rashtriya Arogya Nidhi Programme ൽ ഉൾപ്പെടുത്തുക.<br>8. Cochin Shipyard, FACT, മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് അധിക ധനനിക്ഷേപം നടത്തുക ഈ സ്ഥാപനങ്ങളിൽ സ്വകാര്യവത്കരണം അനുവദിക്കാതിരിക്കുക.<br><br>എന്നാൽ, സംസ്ഥാനത്തിന്റെ ഈ ആവശ്യങ്ങൾ സംബന്ധിച്ച് 2020-21 ലെ കേന്ദ്ര ബജറ്റിൽ പ്രഖ്യാപനങ്ങളൊന്നും ഉണ്ടായിട്ടില്ല. |

| | | |
|---|---|---|
| (ബി) | സംസ്ഥാന സർക്കാരിന്റെ വരുമാന സ്രോതസ്സുകളിൽ പ്രധാനമായവയിൽ ഒന്നായ കേന്ദ്രവായ്പയും ഗ്രാന്റും വെട്ടിക്കുറച്ചത് സൃഷ്ടിച്ച പ്രതിസന്ധി ഘട്ടത്തിലും സാമൂഹ്യ സുരക്ഷ, ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്ത് പാവപ്പെട്ടവരുടെ താല്പര്യം പരിരക്ഷിക്കാൻ നടപടിയെടുത്തിരുന്നോ; | സംസ്ഥാന സർക്കാരിന്റെ വരുമാന സ്രോതസ്സുകളിൽ പ്രധാനമായവയിൽ ഒന്നായ കേന്ദ്രവായ്പയും ഗ്രാന്റും വെട്ടിക്കുറച്ചത് സൃഷ്ടിച്ച പ്രതിസന്ധി ഘട്ടത്തിലും സമൂഹ്യ സുരക്ഷ, ക്ഷേമ പെൻഷനുകൾ യഥാസമയം വിതരണം ചെയ്ത് പാവപ്പെട്ടവരുടെ താല്പര്യം പരിരക്ഷിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി നാളിതുവരെ ആകെ 19030.34 കോടി രൂപയും ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ വിതരണത്തിനായി ആകെ 3129.72 കോടി രൂപയും ചിലവഴിച്ചിട്ടുണ്ട്. 2019 ഡിസംബർ 15-നുള്ളിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്കെല്ലാം 2019 സെപ്റ്റംബർ മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡു പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ദീർഘകാലമായിട്ടും ജി.എസ്.ടി. നെറ്റ് വർക്ക് കാര്യക്ഷമമാക്കാൻ സാധിക്കാത്തത് വ്യാപാരികൾക്ക് ജി.എസ്.ടി. വാർഷിക റിട്ടേൺ സമർപ്പിക്കാൻ കഴിയാതെ പോകുന്നതിന് കാരണമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി നീട്ടിനൽകിയിട്ടുണ്ട്. |
| (ഡി) | നികുതി നിർണ്ണയവും പരിശോധനയും അസാധ്യമാക്കുന്ന സ്ഥിതിക്ക് അടിയന്തരമായി പരിഹാരം കാണാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ? | വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചിട്ടുള്ളതിനാൽ വ്യാപാരികൾ സ്വമേധയാ പ്രതിമാസ റിട്ടേൺ ഫയൽ ചെയ്യുന്ന റിട്ടേണുകളുടെ നിജസ്ഥിതി സൂക്ഷ്മപരിശോധന ചെയ്ത് ഉറപ്പു വരുത്തുന്നു. ഇവ e-way bill വഴി ലഭ്യമായ വിവരങ്ങളുടെയും, ടി.ഡി.എസ്, ടി.സി.എസ് എന്നിവയിൽ നിന്നും ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ താരതമ്യം ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷത്തെ വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി 2020 |

| | | |
|---|---|---|
| | | ഫെബ്രുവരി മാസം വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി 2020 മാർച്ച് വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**